സാഹിബ് ബഹദൂർ എ മുഹമ്മദ് മുസ്തഫാ : ഈ അന്വേഷണത്തിന്റെ ഫലമായി എത്ര ഉദ്യോഗസ്ഥന്മാർ നിർദ്ദോഷികളാണെന്നു് തെളിഞ്ഞിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള : ശിക്ഷിക്കപ്പെട്ടവരല്ലാത്തവരെല്ലാം നിർദ്ദോഷികളാണു്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ : അന്വേഷണങ്ങൾ പൂർത്തിയായി, കുറ്റക്കാരൻ എന്നു തെളിഞ്ഞു, എന്നിട്ടും സർവ്വീസിൽ വച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥനെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മെമ്പറിനു് ആ സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെടുത്താം.

ദേവാലയങ്ങളിൽ നടത്തിയിട്ടുള്ള അക്രമങ്ങൾ

*ക്വ. (൨൦) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൯ ജനുവരി ൧-ാംതീയ്യതിക്കുശേഷം തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് എത്ര ഹിന്ദുദേവാലയങ്ങളും ക്രൈസ്തവദേവാലയങ്ങളും ആക്രമിക്കപ്പെട്ടിട്ടുള്ളതായും എത്ര വിഗ്രഹങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുള്ളതായും ഗവണ്മെന്റിനു വിവരം ലഭിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(ബി) ഈ സംഭവങ്ങൾക്കു് എന്തെങ്കിലും പ്രത്യേക കാരണമുള്ളതായി ഗവണ്മെന്റ് ഗ്രഹിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ഹിന്ദു ദേവാലയങ്ങൾ ൯ എ.

ക്രിസ്ത്യൻ ദേവാലയങ്ങൾ ൨ വ.

നശിപ്പിച്ചിട്ടുള്ള വിഗ്രഹങ്ങൾ ൧൦.

(ബി) ഇല്ല.

ശ്രീ. പി. എം. വർഗീസ് : ഈ വിധത്തിലുള്ള അക്രമങ്ങൾ നടക്കുന്നതിനുള്ള കാരണങ്ങളെന്താണെന്നു് ഗവണ്മെന്റിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. അതിൽനിന്നും ഗവണ്മെന്റിനു മനസ്സിലാക്കാൻ സാധിച്ചതു് ഒരു പ്രത്യേക സംഘടനയുടേയോ സംഘടനകളുടേയോ മനഃപൂർവ്വമായിട്ടുള്ള പ്രവർത്തനമല്ലെന്നും എന്നാൽ മോഷണത്തിനുവേണ്ടി മാത്രം ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതാണെന്നുമാണു്. ഈ വിധത്തിലുള്ള പതിനാല കേസുകളെപ്പറ്റി അന്വേഷണം നടത്തിയതിൽ അവർ വൈരം കൊള്ളിക്കാരാണെന്നും അവരിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഹിന്ദുക്കളും ഉൾപ്പെട്ടിട്ടുള്ളതായും തെളിഞ്ഞിരിക്കുന്നു. അതല്ലാതെ മറ്റു കാരണങ്ങൾ ഉണ്ടെന്നു് ഗവണ്മെന്റിനു ബോദ്ധ്യമില്ല.

ശ്രീ. പി. എം. വർഗീസ് : അമ്പലങ്ങളും വിഗ്രഹങ്ങളും മറ്റും നശിപ്പിച്ചിട്ടുള്ളതു് ഒരു പ്രത്യേക സമുദായക്കാരാണെന്നു് ഉള്ള പത്രപ്രസ്താവനകൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : പെട്ടിട്ടുണ്ടു്. ചില സമുദായ നേതാക്കന്മാരുടെ പ്രസ്താവനകളാണു് അവ. ഇവ സമുദായങ്ങൾതമ്മിൽ വൈരം വളർത്തുന്നതിനു് പര്യാപ്തമാകുമെന്നു് ഗവണ്മെന്റിനു ബോധ്യപ്പെട്ടിട്ടുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. P. S. Nataraja Pillai: May I know the number of such incidents in 1949?

ശ്രീ. ടി. കെ. നാരായണപിള്ള: ഫൻ ര ൻ മുതലുള്ള സ്ഥിതിവിവര ക്കണക്കുകൾ എന്റെ കൈവശമില്ല.

Sri. P. S. Nataraja Pillai: May I know whether he can give information from memory of any such incidents in 1949?

ശ്രീ. ടി. കെ. നാരായണപിള്ള: ക്ഷേത്രങ്ങളിൽ തീവയ്പ്പുന്ന പതിവ് ഇപ്പോൾ മാത്രമല്ല; കുറെ വർഷങ്ങൾക്കു മുമ്പുതന്നെ. പല ക്ഷേത്രങ്ങളും അഗ്നി ക്കു ഇരയായിട്ടുണ്ട്. ഉദാഹരണമായി ഹരിപ്പാട്ടുക്ഷേത്രം ശ്രീ പത്മനാഭസ്വാ മിക്ഷേത്രം എന്നിവ എടുക്കാം. ഈ കാര്യങ്ങൾ ഞാൻ പറയാതെതന്നെ മെമ്പർക്കും അറിവുള്ളതാണ്.

Sri. P. S. Nataraja Pillai: They were isolated incidents. I want to know whether incidents of such frequent nature occurred during the recent past 10 years?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിൽ കൂടുതൽ എനിക്ക് ഒന്നും പറയാൻ നിവർത്തിയില്ല.

ശ്രീ. ഇട്ടീര അച്യുക്കൻ: ഒരു ക്ഷേത്രം നശിച്ചാൽ അത്രത്തോളം അന്ധവിശ്വാസം നശിക്കുമെന്നുള്ള മി. സി. കേശവന്റെ പ്രസ്താവന ഈ തീവയ്പുകാര്യത്തിൽ പ്രചോദനം നൽകുന്നില്ലേ?

Mr. Speaker: That is not a regular question, but a matter of inference drawn by the member.

ശ്രീ. ഇട്ടീര അച്യുക്കൻ: സർ, അത് അന്വേഷിച്ചറിയേണ്ട ഒരു സംഗതിയായതുകൊണ്ടാണ് അത് അങ്ങനെ ചോദിച്ചത്.

Mr. Speaker: That question, rather suggestion, needs no answer.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ഏതോ ചില ഭ്രാന്തന്മാരാണ് ഈ തീവയ്പ് നടത്തിട്ടുള്ളത് എന്നതെളിഞ്ഞിട്ടില്ലേ?

ഉത്തരമില്ല.

ശ്രീ. ഇട്ടീര അച്യുക്കൻ: ഒരു ക്ഷേത്രം നശിച്ചാൽ അത്രത്തോളം അന്ധവിശ്വാസം നശിക്കുമെന്നു പറയുന്നത് ഒരു ഭ്രാന്താണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഭ്രാന്താണോ അല്ലയോ എന്നു മെമ്പർ തന്നെ ആലോചിക്കേണ്ടതാണ്.

ശബരിമലക്കേസന്വേഷണം

*ഫൻ. (പ്രൊ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശബരിമലക്കേസന്വേഷണഫലം അറിയിക്കണമെന്നു കാണിച്ച് ദേവസ്വംബോർഡിൽനിന്നും ഒരു കത്തു കിട്ടിയിട്ടുണ്ടോ?

(ബി) ആ കത്തനുസരിച്ച് ശബരിമലകേസന്വേഷണഫലം ദേവസ്വം ബോർഡിനെ അറിയിച്ചിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഉണ്ട്.

(ബി) ടി സംഗതികൾ ഇപ്പോഴും അന്വേഷണത്തിൽ ഇരിക്കുകയാണെന്നു അറിയിച്ചിട്ടുണ്ട്. അതുകൂടാതെ അന്വേഷണത്തിന്റെ ഫലമായി കിട്ടിയിട്ടുള്ള വിവരങ്ങൾ അപ്പോഴപ്പോൾ ധരിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ഈവക സംഗതികളെപ്പറ്റിയുള്ള റിപ്പോർട്ട് രഹസ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly